# നസ്വീഹ:

## തൗഹീദിലേക്കുള്ള പ്രചോദനവും ശിർക്കിനെതൊട്ടുള്ള താക്കീതും

ശെയ്ഖ് അബൂ മുഹമ്മദ് അബ്ദുൽ ഹമീദ് അൽ ഹജൂരി حفظه الله

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

الحمد لله رب العالمين، حمدا كثيرا طيبا مباركا فيه و أشهد أن لا إله إلا الله و أشهد أن محمدا عبده ورسوله صلى الله عليه وعلى آله وأصحابه أجمعين، أما بعد:

അല്ലാഹുവിന്റെ സഹായം തേടികൊണ്ട് ഞാൻ പറയുന്നു:

തീർച്ചയായും അല്ലാഹു ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചിരിക്കുന്നത് അവനെ മാത്രം ആരാധിക്കുന്നതിനു വേണ്ടിയാണ്.

അല്ലാഹു പറയുന്നു:

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ

**(ജിന്നുകളെയും മനുഷ്യരെയും എന്നെ മാത്രം ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.)** (ഖുർആൻ 51:56)

അവൻ പ്രവാചകന്മാരെ അയക്കുകയും ഗ്രന്ഥങ്ങൾ ഇറക്കുകയും ചെയ്തിരിക്കുന്നത് അല്ലാഹുവിനെ ഏകാനാക്കുക എന്ന ലക്ഷ്യത്തിനു വേണ്ടിയാണ്.

അല്ലാഹു പറയുന്നു:

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُواْ اللّهَ وَاجْتَنِبُواْ الطَّاغُوتَ

**(തീർച്ചയായും ഓരോ സമുദായത്തിലും നാം പ്രവാചകനെ നിയോഗിച്ചിട്ടുണ്ട്. അല്ലാഹുവെ മാത്രം ആരാധിക്കണമെന്നും മറ്റു വ്യാജ ആരാധ്യരെ വെടിയണമെന്നും ഉദ്ബോധനം ചെയ്തുകൊണ്ട്)** (ഖുർആൻ 16:36)

അല്ലാഹു പറയുന്നു:

وَمَا أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِي إِلَيْهِ أَنَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدُونِ

**(ഞാനല്ലാതെ യാതൊരു ആരാധ്യനുമില്ല. അതിനാൽ എന്നെ മാത്രം നിങ്ങൾ ആരാധിക്കു, എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്കു മുൻപ് നാം ഒരു പ്രവാചകനെയും അയച്ചിട്ടില്ല.)** (ഖുർആൻ 21:25)

അതുപോലെ, അല്ലാഹു തആലാ ഗ്രന്ഥങ്ങൾ ഇറക്കിയിരിക്കുന്നതും ഈ ലക്ഷ്യത്തിനു വേണ്ടിയാണ്.

അല്ലാഹു പറയുന്നു:

لَقَدْ أَرْسَلْنَا رُسُلَنَا بِالْبَيِّنَاتِ وَأَنزَلْنَا مَعَهُمُ الْكِتَابَ وَالْمِيزَانَ لِيَقُومَ النَّاسُ بِالْقِسْطِ

**(തീർച്ചയായും നാം നമ്മുടെ പ്രവാചകന്മാരെ വ്യക്തമായ തെളിവുകളും കൊണ്ട് അയച്ചിരിക്കുന്നു. ജനങ്ങൾ നീതിപൂർവം നിലകൊള്ളുന്നതിനു വേണ്ടി അവരോടൊപ്പം ഗ്രന്ഥവും തുലാസും ഇറക്കിക്കൊടുക്കുകയും ചെയ്തു.)** (ഖുർആൻ 57:25)

അപ്പോൾ ഏറ്റവും വലിയ നീതിയെന്നാൽ അത് അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതാണ്.

അല്ലാഹു സ്വർഗത്തെ സൃഷ്ടിക്കുകയും അവനെ മാത്രം ആരാധിക്കുന്നവർക്കായി അതിനെ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. ആരെങ്കിലും ' ലാ ഇലാഹ ഇല്ലല്ലാഹ്' لا إله إلا الله അറിഞ്ഞുകൊണ്ട് മരണപ്പെട്ടാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു.

അല്ലാഹു നരകത്തെ സൃഷ്ടിക്കുകയും മുശ്രിക്കുകൾക്കായി (അല്ലാഹുവിൽ പങ്ക് ചേർക്കുന്നവർ) അതിനെ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

അല്ലാഹു പറഞ്ഞു:

إِنَّهُ مَن يُشْرِكْ بِاللهِ فَقَدْ حَرَّمَ اللهُ عَلَيهِ الْجَنَّةَ وَمَأْوَاهُ النَّارُ

**(അല്ലാഹുവോട് വല്ലവനും പങ്ക് ചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും).** (ഖുർആൻ 5:72)

അല്ലാഹു പറഞ്ഞു:

مَا لِلظَّالِمِينَ مِنْ حَمِيمٍ وَلَا شَفِيعٍ يُطَاعُ

**(മുശ്രിക്കുകൾക്ക് സുഹൃത്തായോ സ്വീകാര്യനായ ശുപാർശകനായോ ആരും തന്നെയില്ല.)** (ഖുർആൻ 40:18)

رَبَّنَا إِنَّكَ مَن تُدْخِلِ النَّارَ فَقَدْ أَخْزَيْتَهُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ

**(ഞങ്ങളുടെ റബ്ബേ, നീ വല്ലവനെയും നരകത്തിൽ പ്രവേശിപ്പിച്ചാൽ അവനെ നിന്ദ്യനാക്കികഴിഞ്ഞു.മുശ്രിക്കുകൾക്ക് സഹായികളായി ആരുമില്ലതാനും.)** (ഖുർആൻ 3:192)

إِنَّ اللهَ لاَ يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَن يَشَاءُ وَمَن يُشْرِكْ بِاللهِ فَقَدْ ضَلَّ ضَلاَلاً بَعِيداً

**(തീർച്ചയായും തന്നോട് പങ്ക് ചേർക്കപ്പെടുക എന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല, അതൊഴികെയുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്ക് ചേർത്തുവോ അവൻ ബഹുദൂരം പിഴച്ച് പോയിരിക്കുന്നു.)**

(ഖുർആൻ 4:116)

അല്ലാഹു തആലാ അവന്റെ അടിമകളെ തൗഹീദുകോണ്ട് കൽപ്പിക്കുകയും ശിർക്കിനെതൊട്ട് അവരെ താക്കീതു ചെയ്യുകയും ചെയ്തിരിക്കുന്നു.

അല്ലാഹു പറയുന്നു:

وَاعْبُدُواْ اللهَ وَلاَ تُشْرِكُواْ بِهِ شَيْئاً

**(നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യതോന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക)** (ഖുർആൻ 4:36)

وَقَضَى رَبُّكَ أَلاَّ تَعْبُدُواْ إِلاَّ إِيَّاهُ

**(തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ റബ്ബ് വിധിച്ചിരിക്കുന്നു.)**

(ഖുർആൻ 17:23)

قُلْ تَعَالَوْاْ أَتْلُ مَا حَرَّمَ رَبُّكُمْ عَلَيْكُمْ أَلاَّ تُشْرِكُواْ بِهِ شَيْئاً

**(പറയുക: നിങ്ങൾ വരൂ, നിങ്ങളുടെ റബ്ബ് നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്ക് ഞാൻ വായിച്ചുതരാം: അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്.)**

(ഖുർആൻ 6:151)

ഈ ആയത്തുകളിലൂടെയും മറ്റും അല്ലാഹു തആലാ നമുക്ക് തൗഹീദിലേക്ക് പ്രേരണയും പ്രോത്സാഹനവും നൽകുകയും ശിർക്കിനെത്തോട്ട് മുന്നറിയിപ്പ നൽകുകയും ചെയ്തിരിക്കുന്നു. ആരാണോ അല്ലാഹുവെ അവന്റെ റബ്ബായും ഇസ്ലാമിനെ അവന്റെ മതമായും മുഹമ്മദ് صلى الله عليه وسلم യെ അവന്റെ പ്രവാചകനായും അംഗീകരിക്കുകയും രഹസ്യമായും പരസ്യമായും അപ്രകാരം വിശ്വസിക്കുകയും ചെയ്തത് അവനാണ് യഥാർത്ഥ മുസ്ലിം, അവൻ ഈമാനിന്റെ മാധുര്യം രുചിക്കുന്നു. എന്നാൽ ആരാണോ അല്ലാഹുവിൽ പങ്കുചേർക്കുകയും അല്ലാഹുവിനു പുറമെ മറ്റു ആരാധ്യരെ സ്ഥാപിക്കുകയും ചെയ്തത് തീർച്ചയായും

അവൻ വലിയ അപകടത്തിലാണ്, അവൻ ഗുരുതരമായ ഒരു പാപം തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

റസൂൽ صلى الله عليه وسلم യോട് ചോദിക്കപ്പെട്ടു: **എന്താണ് ഏറ്റവും വലിയ തിന്മ?**

അദ്ദേഹം صلى الله عليه وسلم പറഞ്ഞു: **"നിന്നെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നീ സമന്മാരെ ഉണ്ടാക്കലാണ്."**

ആരെങ്കിലും അല്ലാഹുവിൽ പങ്കുചേർത്തുകൊണ്ട് മരണപെട്ടാൽ അവൻ നരകത്തിൽ പ്രവേശിച്ചു. അതെ, അല്ലാഹു അവനിൽ പങ്കുചേർക്കുന്നത് (ശിർക്ക്) ഒരിക്കലും പൊറുക്കുകയില്ല. ഏറ്റവും വലിയ നന്മ തൗഹീദാണ്, അത് ഏറ്റവും വലിയ തിന്മയായ ശിർക്ക് കൊണ്ടല്ലാതെ പൊളിഞ്ഞുപോവുകയില്ല.

അപ്പോൾ തൗഹീദാണ് നന്മകളുടെ കൂട്ടത്തിൽ ഏറ്റവും വലിയ നന്മ. ഒരു മുവഹ്ഹിദ് (തൗഹീദുള്ള വ്യക്തി) ആദരിക്കപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യും.

ശിർക്, അത് ജൂതന്മാർക്കിടയിലും ക്രിസ്ത്യാനികൾക്കിടയിലും ഹിന്ദുക്കൾക്കിടയിലും ബുദ്ധന്മാർക്കിടയിലും അവരുടെ വഴി പിൻപറ്റിയവർക്കിടയിലും കാണപ്പെടുന്നതു പോലെയാണ്, എന്നാൽ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നു പ്രഖ്യാപിക്കുന്ന ഒരുപാടാളുകൾ ശിർക്കിൽ വീണുപോയിരിക്കുന്നതു കാണാം, കാരണം അതിന്റെ അർത്ഥമെന്താണെന്നു അവർക്കറിയില്ല. അതിന്റെ മേൽ നിലകൊള്ളേണ്ട രൂപത്തിൽ അവർ നിലകൊള്ളുന്നുമില്ല. മറിച്ച് അവർ അവരുടെ നാവുകൾകൊണ്ട് അതുച്ചരിക്കുകയും അവരുടെ ഹൃദയങ്ങൾകൊണ്ടും ശരീരംകൊണ്ടും അവർ അതിൽനിന്ന് തെറ്റിപ്പോകുകയും ചെയ്തിരിക്കുന്നു, അതവർക്ക് ഉപകരപ്പെടുകതന്നെയില്ല, തീർച്ച.

അതേ, കാരണം 'ലാ ഇലാഹ ഇല്ലല്ലാഹ്' (لا إله إلا الله) എന്ന കലിമതു തൗഹീദിന്റെ അർത്ഥം (لا معبود بحق إلا الله) **"ആരാധിക്കപ്പെടാൻ അവകാശമുള്ളവനായി അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല"** എന്നാണ്.

അല്ലാഹു പറയുന്നു:

ذَٰلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ هُوَ الْبَاطِلُ

**(അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ, അവനുപുറമെ അവർ ഏതൊന്നിനെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അതുതന്നെയാണ് വ്യാജമായിട്ടുള്ളത്.)** (ഖുർആൻ 22:62)

ഇത്തരം വ്യാജ-ആരാധ്യന്മാരെത്തോട്ട് ഒരാൾ അകലം പാലിക്കുക തന്നെ വേണം.

അല്ലാഹു പറയുന്നു:

**فَمَنْ يَكْفُرْ بِالطَّاغُوتِ وَيُؤْمِن بِاللهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَى لاَ انفِصَامَ لَهَا**

**(ഏതൊരാൾ വ്യാജ-ആരാധ്യന്മാരിൽ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്തുവോ തീർച്ചയായും അവൻ പിടിച്ചിരിക്കുന്നത് ഏറ്റവും കരുത്തുള്ളതിൽ തന്നെയാകുന്നു. അത് മുറിഞ്ഞുപോകുകയേ ഇല്ല.)** (ഖുർആൻ 2:256)

മുസ്ലിം നാടുകളിൽ വ്യാപിച്ചിരിക്കുന്ന ശിർക്കുകളിൽ, അവർ അത് ഔലിയാക്കളോടുള്ള ആദരവാണെന്ന് വിചാരിക്കുന്നു, അവർ അവരെ (ഔലിയാക്കളെ) വിളിച്ചു പ്രാർത്ഥിക്കുന്നു, അവരോട് നേർച്ച ചെയ്യുന്നു, അവർക്കുവേണ്ടി ബലിയറുക്കുന്നു, അവരുടെ ഖബറുകൾ ത്വവാഫ് ചെയ്യുന്നു, അവരിൽ ഭരമേല്പിക്കുന്നു ഖബറാരാധകർ ചെയ്യുന്നതു പോലെ, അതായത് ഖബറിനു മുകളിൽ ഗ്രൂപങ്ങളുണ്ടാക്കുന്നവർ, എന്നിട്ടതിനെ അലങ്കരിക്കുന്നവർ, ഖബ്റുകൾക്കു ചുറ്റും ത്വവാഫ് ചെയ്യുന്നവർ, ഖബറുകൾക്കു മുന്നിൽ ബലിയറുക്കുന്നവർ അങ്ങിനെ അവരുടെ ശിർക്കിനെ പച്ചയായി പ്രകടമാക്കുന്നവർ ഇന്ന് പല മുസ്ലിം നാടുകളിലും കാണപ്പെടുന്നതുപോലെ. (അപ്പോൾ പിന്നെ കാഫിർ രാജ്യങ്ങളിലെ അവസ്ഥ പറയേണ്ടതുണ്ടോ).

ഈ ഗുരുതരമായ തിന്മയെത്തൊട്ട് നാം അവരെ താക്കീതു ചെയ്താൽ അവർ പറയും; "നിങ്ങൾ കാഠിന്യത്തിന്റെ ആളുകളാണ്, പരുക്കന്മാരാണ്"

ഒരിക്കലുമല്ല, ഓ അല്ലാഹുവിന്റെ അടിമേ, നീ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും ശിർക്കു വെടിയുകയും തന്നെ വേണം, അല്ലാഹുവിന്റെ മലക്കുകളേയോ പ്രവാചകന്മാരേയോ അല്ലാഹുവിനു പുറമെ നീ ആരാധിക്കരുത്. ആരാധിക്കപ്പെടാനുള്ള അവകാശം അല്ലാഹുവിനു മാത്രമേ ഉള്ളൂ.

മുആദ് ബിനു ജബൽ رضي الله عنه വിനോട് റസൂൽ صلى الله عليه وسلم "അല്ലാഹുവിന് അവന്റെ അടിമകൾക്കുമേലുള്ള അവകാശമെന്താണെന്നു" ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:

**"അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക എന്നതാണ്."**

നിന്റെ വാക്കുകൊണ്ടോ നിന്റെ പ്രവർത്തികൊണ്ടോ നിന്റെ വിശ്വാസംകൊണ്ടോ നീ ശിർക്ക് ചെയ്യരുത്, കാരണം ശിർക്ക് ഇവയിലെല്ലാം സംഭവിക്കാം. അതുകൊണ്ട് ഇഖ്ലാസ്, ഭയം, പ്രതീക്ഷ, ഭരമേല്പിക്കൽ എല്ലാം അല്ലാഹുവിനോട് മാത്രമായിരിക്കണം. അല്ലാഹുവിനെ ഭയപ്പെടുന്നതുപോലെ അല്ലാഹു അല്ലാത്തവരെ ഭയപ്പെടൽ, അല്ലാഹുവിനെ സ്നേഹിക്കുന്നതുപോലെ അല്ലാഹു അല്ലാത്തവരെ സ്നേഹിക്കൽ, അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതുപോലെ അല്ലാഹു അല്ലാത്തവരിൽ ഭരമേല്പിക്കൽ ഹൃദയത്തിന്റെ ഇത്തരം

തിന്മകൾക്കൊണ്ടും ശിർക്ക് സംഭവിക്കും. ദുആയിലൂടെ ശിർക്ക് സംഭവിക്കുന്നത് ഖബ്വാറാളികളെ വിളിച്ചു പ്രാർത്ഥിക്കുന്നതിലൂടെയാണ് ഉദാഹരണമായി, (ഓ അബ്ദുൽ ഖാദിർ അൽ ജയ്‌ലാനീ, ഓ ഹൈദ്രൂസ്, *മമ്പുറം തങ്ങളേ, ബദ്‌രീങ്ങളേ, മുഹ്‌യുദ്ധീൻ ശൈഖേ,* ഓ മുഹമ്മദ്, ഓ അലീ... ) അതുപോലെ അവരോട് സത്യം ചെയ്യുന്നതിലൂടെയും. ഇതെല്ലാം അല്ലാഹു ഹറാമാക്കിയിരിക്കുന്നു.

അല്ലാഹു പറയുന്നു:

**قُلْ إِنَّمَا حَرَّمَ رَبِّيَ الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَالإِثْمَ وَالْبَغْيَ بِغَيْرِ الْحَقِّ وَأَن تُشْرِكُواْ بِاللهِ مَا لَمْ يُنَزِّلْ بِهِ سُلْطَاناً وَأَن تَقُولُواْ عَلَى اللهِ مَا لاَ تَعْلَمُونَ**

**(പറയുക: തീർച്ചയായും എന്റെ റബ്ബ് ഹറാമാക്കിയിട്ടുള്ളത് പ്രത്യക്ഷവും പരോക്ഷവുമായ നീച വൃത്തികളും തിന്മയും അന്യായമായ അടിച്ചമർത്തലും അല്ലാഹു യാതൊരു അനുമതിയും നൽകാത്തതിനെ അവനിൽ പങ്കുചേർക്കുന്നതും അല്ലാഹുവിനെ കുറിച്ച് നിങ്ങൾക്ക് അറിവില്ലാത്തത് പറയലുമാണ്.)** (ഖുർആൻ 7:33)

ഒരു മുശ്‌രിക്ക് (അല്ലാഹുവിൽ പങ്കു ചേർത്തവൻ) നരകത്തിൽ നിത്യവാസിയായിരിക്കും. അവന്റെ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്ക് അവനുപകാരപ്പെടുകയില്ല, കാരണം, തൗഹീദിന്റെ ഈ വാക്ക് അവനിൽ നിന്ന് നിർബന്ധമായും ചെയ്യാൻ ആവശ്യപ്പെട്ടതെന്തോ അതവൻ ചെയ്തില്ല.

ആദ്യകാല മുശ്‌രിക്കുകൾക്ക് 'ലാ ഇലാഹ ഇല്ലല്ലാഹ്' ന്റെ അർഥം അറിയാമായിരുന്നു. എന്നാൽ അവർ അതിനുനേരെ അഹന്ത കാണിക്കുകയാണു ചെയ്തത്.

അല്ലാഹു പറയുന്നു:

**إِنَّهُمْ كَانُوا إِذَا قِيلَ لَهُمْ لَا إِلَٰهَ إِلَّا اللَّهُ يَسْتَكْبِرُونَ**

**(അല്ലാഹുവല്ലാതെ ആരാധനക്കർഹനയി മറ്റാരുമില്ലെന്നു അവരോടു പറയപ്പെട്ടാൽ അവർ അഹങ്കാരം നടിക്കുമായിരുന്നു.)** (ഖുർആൻ 37:35)

അതേസമയം, ഈ കാലഘട്ടത്തിലെ മുശ്‌രിക്കുകൾ അവരുടെ നാവുകൾ കൊണ്ട് ലാ ഇലാഹ ഇല്ലല്ലാഹ് പറയുകയും അവരുടെ ബാങ്കുവിളികളിലും പ്രാർത്ഥനകളിലും അതാവർത്തിക്കുകയും ചെയ്യും എന്നാൽ അതേസമയം തന്നെ അവരുടെ വാക്കുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും വിശ്വാസത്തിലൂടെയും അതിനെ നിഷേധിക്കുകയും ചെയ്യും.!!! ആരാണോ ഇത്തരം ഒരു അവസ്ഥയിൽ വീണുപോയത് അവൻ നിർബന്ധമായും അല്ലാഹുവിനോട് പശ്ചാത്തപിക്കണം.

അല്ലാഹു പറയുന്നു:

**قُل لِّلَّذِينَ كَفَرُواْ إِن يَنتَهُواْ يُغَفَرْ لَهُم مَّا قَدْ سَلَفَ**

**(സത്യ നിഷേധികളോട് അവർ വിരമിക്കുകയാണെങ്കിൽ അവർ മുമ്പ് ചെയ്തുപോയത് അവർക്ക് പൊറുത്തുകൊടുക്കപ്പെടുന്നതാണെന്ന് നീ പറയുക).** (ഖുർആൻ 8: 38)

ഇനി ഈ അവസ്ഥയിലല്ലാത്തവൻ, അവൻ മുസ്ലിമാണ്, മുവഹ്ഹിദാണ്, ഇസ്ലാമെന്ന മഹാനുഗ്രഹത്തിന്റെ പേരിൽ അവൻ അല്ലാഹുവിനെ സ്തുതിക്കട്ടെ, ഇസ്ലാമിലും സുന്നത്തിലും അടിയുറച്ചു നിൽക്കുന്നതിനുള്ള തൗഫീഖിനുവേണ്ടി അവൻ അല്ലാഹുവിനോട് തേടട്ടെ.

കാരണം ഒരുപാടു പേർ, തൗഹീദിനെ കുറിച്ചും ശിർക്കിനെക്കുറിച്ചുമുള്ള വിവർക്കുറവ് കാരണം അവരുടെ നാവുകളും പേനകളും വഴുതിപ്പോയിരിക്കുന്നു. അതുകൊണ്ട് ശിർക്കിലും മറ്റു തിന്മകളും വീണുപോകാതിരിക്കാൻ ഒരു മുസ്ലിമിന് അവന്റെ ദീനിനെക്കുറിച്ച് പഠിക്കലും മറ്റുള്ളവർക്ക് അതു പഠിപ്പിച്ചുകൊടുക്കലും നിർബന്ധമാണ്. നാം അല്ലാഹുവോട് തൗഫീഖിനുവേണ്ടി ചോദിക്കുന്നു. നാം തൗഹീദ് പഠിക്കുന്നതിനും അത് പഠിപ്പിക്കുന്നതിനുമാണ് പ്രാധാന്യവും മുൻഗണനയും കൊടുക്കേണ്ടത്. നാം ഹിസ്ബികളെപ്പോലെയും (കക്ഷിത്വത്തിന്റെ ആളുകൾ) അവരെ പിൻപറ്റുന്നവരെപ്പോലെയുമായിപ്പോകരുത്, അവരിൽ ചിലര് പറയുന്നു:"തൗഹീദ് ഒരൊറ്റ ഇരിപ്പിൽ തന്നെ പഠിപ്പിച്ചു തീർക്കാമെന്ന് അല്ലെങ്കിൽ വെറും 15 മിനിറ്റിനുള്ളിൽ".

എന്നാൽ റസൂൽ صلى الله عليه وسلم അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ ആദ്യദിവസം മുതൽ മരണം വരെയും തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിച്ചുകൊണ്ടിരുന്നു. തൗഹീദ്, അതാണ് ആദ്യമായും അവസാനമായും വേണ്ടത്.

റസൂൽ صلى الله عليه وسلم പറഞ്ഞതു പോലെ:

**("ജനങ്ങൾ ലാ ഇലാഹ ഇല്ലല്ലാഹ് പറയുന്നതുവരെ അവരോടു പോരാടാൻ ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു.")**

റസൂൽ صلى الله عليه وسلم പറഞ്ഞു:

**("നിങ്ങളിൽ മരണാസന്നനായവന് നിങ്ങൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' ചൊല്ലിക്കൊടുക്കുക").**

'ലാ ഇലാഹ ഇല്ലല്ലാഹ്' (لا إله إلا الله) എന്ന കലിമതു തൗഹീദിന്റെ അർത്ഥം; **(لا معبود بحق إلا الله) "ആരാധിക്കപ്പെടാൻ അവകാശമുള്ളവനായി അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല"** എന്നാണെന്ന് നാം മുമ്പ് വ്യക്തമാക്കി. അപ്പോൾ നമ്മുടെ സ്നേഹവും നേർച്ചയും ബലിയറുക്കലും ഭരമേല്പിക്കലും പ്രാർത്ഥനയുമെല്ലാം അല്ലാഹുവിന് മാത്രമായിരിക്കണം, നമ്മുടെ നമസ്കാരവും നോമ്പുമെല്ലാം അല്ലാഹുവിന് മാത്രമാകുന്നതു പോലെ. നിങ്ങൾ ഖബ്റുകളെയും ജാറങ്ങളെയും പിന്തുടരരുത്, ഖബ്റാളികളോട് നിങ്ങൾ പ്രാർത്ഥിക്കരുത്, അവരെല്ലാം

അല്ലാഹുവിലേക്ക് ആവശ്യക്കാരാണ്. അവർ മുസ്ലിങ്ങളാണെങ്കിൽ അവർക്കുവേണ്ടി നാം അല്ലാഹുവോട് പ്രാർത്ഥിക്കുന്നു. ഇനി അവർ മുശ്രിക്കുകളിൽ പെട്ടവരാണെങ്കിൽ, അല്ലാഹു, അവൻ മാത്രമാണ് സഹായി.

وبالله التوفيق،

والحمد لله رب العالمين.

**ശെയ്ഖ് അബൂ മുഹമ്മദ് അബ്ദുൽ ഹമീദ് അൽ ഹജൂരി حفظه الله**

*മസ്ജിദുസ്സ്വഹാബ:, അൽ ഗയ്ദ, മഹ്റ:, യെമൻ.*

*27 ജുമാദുൽ ആഖിർ, 1439 ഹിജ്റ:*

**വിവർത്തനം: അബൂ അദ്നാൻ അൽഹിന്ദി.**

*മർക്കസു ഉലൂമിസ്സുന്ന: മഞ്ചേരി*